REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 23-08-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **പോളണ്ട് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉക്രെയ്നിലെ കീവിലെത്തും.**
- **പ്രഥമ ദേശീയ ബഹിരാകാശ ദിനം ഇന്ന്.**
- **പ്രകൃതി ദുരന്തമുണ്ടായ വയനാട്ടിൽ ലോകോത്തരനിലവാരത്തിൽ പുനരധിവാസ പദ്ധതിയൊരുക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **തദ്ദേശ സ്ഥാപനങ്ങളുടെ വസ്തുനികുതിക്കും വാടകക്കുടിശ്ശികയ്ക്കും കൂട്ടുപലിശ ഈടാക്കുന്നത് അവസാനിപ്പിക്കുമെന്ന് മന്ത്രി MB രാജേഷ്.**
- **ലിറ്റിൽ കൈറ്റ്സിന്റെ രണ്ടു ദിവസത്തെ സംസ്ഥാന ക്യാമ്പ് ഇന്ന് കൊച്ചി ഇടപ്പള്ളിയിൽ ആരംഭിക്കും.**

## വാർത്തകൾ വിശദമായി

**പോളണ്ട് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉക്രെയ്നിലെ കീവിലെത്തും. പ്രസിഡണ്ട് വൊളോഡിമർ സെലൻസ്കിയുടെ ക്ഷണപ്രകാരമാണ് നരേന്ദ്രമോദി ഉക്രെയ്നിലെത്തുന്നത്.**

**ഡെസ്ക്ക് റിപ്പോർട്ട്**

**.....(വോയ്സ്).........**

**പോളണ്ടിൽ നിന്ന് യാത്ര തിരിക്കും മുൻപ് പുറപ്പെടുവിച്ച പ്രസ്താവനയിൽ, ഉക്രെയ്ൻ സംഘർഷത്തിന് സമാധാനപരമായ**

പരിഹാരം ഉണ്ടാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു. ഉക്രെയ്നിന്റെ സുഹൃത്തും പങ്കാളിയുമെന്ന നിലയിൽ മേഖലയിൽ സമാധാനവും സ്ഥിരതയും എത്രയും വേഗം ഉണ്ടാവണമെന്നും അദ്ദേഹം പറഞ്ഞു.

1992 ൽ ഉക്രെയ്നുമായി നയതന്ത്രബന്ധം ആരംഭിച്ചശേഷം സന്ദർശനം നടത്തുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാണ് നരേന്ദ്രമോദി. ഉഭയകക്ഷി ബന്ധങ്ങളെപ്പറ്റി മോദിയും സെലൻസ്കിയും സമഗ്ര ചർച്ചകൾ നടത്തും. കൃഷി, അടിസ്ഥാനമേഖലാ വികസനം, ആരോഗ്യം, വിദ്യാഭ്യാസം, ഔഷധ നിർമ്മാണം എന്നിവയടക്കം മേഖലകൾക്ക് മുൻതൂക്കം നൽകിയായിരിക്കും ചർച്ച. റഷ്യ-ഉക്രെയ്ൻ സംഘർഷവും ചർച്ചയിൽ പ്രധാന വിഷയമാകും. പ്രശ്നപരിഹാരത്തിന് സമാധാനത്തിന്റെ മാർഗം സ്വീകരിക്കണമെന്ന് ഇന്ത്യ നേരത്തെ തന്നെ ഇരുരാജ്യങ്ങളോടും ആവശ്യപ്പെട്ടിരുന്നു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഉക്രെയ്ൻ സന്ദർശനം അവിടുത്തെ യുദ്ധം അവസാനിപ്പിക്കാൻ വഴിയൊരുക്കുമെന്ന് UN സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസിസ് പ്രതീക്ഷിക്കുന്നതായി അദ്ദേഹത്തിന്റെ വക്താവ് സ്റ്റെഫാനെ ഡുജാറിക് അറിയിച്ചു. ഉക്രെയ്നിലെത്തുന്ന ലോക നേതാക്കൾ, UN പൊതുസഭയുടെ പ്രമേയങ്ങൾക്കനുസരിച്ച് സംഘർഷം അവസാനിപ്പിക്കുന്നതിൽ നിർണായ സംഭാവനകളാണ് നൽകുന്നതെന്നും ഡുജാറിക് വിലയിരുത്തി.

✪✪✪

പ്രഥമ ദേശീയ ബഹിരാകാശ ദിനം ഇന്ന്. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ പ്രധാന ചടങ്ങ് രാഷ്ട്രപതി ദ്രൗപതി മുർമു ഉദ്ഘാടനം ചെയ്യും. "ചന്ദ്രനെ തൊടുമ്പോൾ ജീവിതങ്ങളെ സ്പർശിക്കുന്നു:- ഇന്ത്യയുടെ ബഹിരാകാശ വിജയഗാഥ, എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

കഴിഞ്ഞ വർഷം ഓഗസ്റ്റ് 23-ന് ചന്ദ്രയാൻ-3 ദൗത്യത്തിന്റെ ഭാഗമായി, ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ 'വിക്രം ലാൻഡർ' ഇന്ത്യ വിജയകരമായി ഇറക്കിയതിന്റെ സ്മരണാർത്ഥമാണ് ഈ വർഷം മുതൽ ഓഗസ്റ്റ് 23 ദേശീയബഹിരാകാശ ദിനമായി ആഘോഷിക്കുന്നത്.

ദിനത്തോടനുബന്ധിച്ച്, റോബോട്ടിക്സ് ചലഞ്ചിലും ഭാരതീയ അന്തരിക്ഷ് ഹാക്കത്തണിലും വിജയിച്ചവരെ രാഷ്ട്രപതി ആദരിക്കും.

രാജ്യമെമ്പാടും വിപുലമായ ദിനാഘോഷ പരിപാടികൾ നടത്തും. ISRO കേന്ദ്രങ്ങളുടെ നേതൃത്വത്തിലും ആഘോഷങ്ങൾ സംഘടിപ്പിക്കും.

✪✪✪

ശാസ്ത്രലോകം വൻ തൊഴിലവസരങ്ങളൊരുക്കുന്ന വിപുലമായ മേഖലയാണെന്ന് ISRO ചെയർമാൻ ഡോ. S-സോമനാഥ് പറഞ്ഞു. ശാസ്ത്രത്തിലെ അടിസ്ഥാന അറിവ് വർദ്ധിപ്പിക്കുകയും സർഗ്ഗാത്മകത പുലർത്തുകയും ചെയ്യുന്ന യുവജനങ്ങൾക്ക് ഈ അവസരം പ്രയോജനപ്പെടുത്താനാവുമെന്ന് ആകാശവാണിക്ക് നൽകിയ പ്രത്യേക അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, ഡാറ്റ അനലിറ്റിക്സ്, തുടങ്ങിയ മേഖലകൾ യുവാക്കൾക്ക് ഒട്ടേറെ തൊഴിലസരങ്ങൾ നൽകുന്നുണ്ട്. ബഹിരാകാശ മേഖലയിലും അവസരങ്ങൾ ഏറെയാണ്.

2025-ഓടെ മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കുന്നതിനും, 2045-ഓടെ ചന്ദ്രനിൽ മനുഷ്യനെത്തിക്കാനും ചന്ദ്രയാൻ മൂന്ന് ദൗത്യം വഴിയൊരുക്കിയതായി സോമനാഥ് പറഞ്ഞു.

✪✪✪

രാജ്യത്തെ കടൽവിമാന സർവീസുകൾക്ക് വ്യോമയാന മന്ത്രി രാം മോഹൻ നായിഡു മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. സുരക്ഷയ്ക്കും സംരക്ഷണത്തിനും ഊന്നൽ നൽകുന്ന മാർഗനിർദ്ദേശത്തിൽ ഓപ്പറേറ്റർമാർ മുതൽ നിയന്ത്രണ സംവിധാനം വരെ ഓരോ വിഭാഗത്തിന്റെയും ഉത്തരവാദിത്വങ്ങൾ വിശദമാക്കിയിട്ടുണ്ട്. ഇതോടെ രാജ്യവ്യാപകമായി കടൽവിമാന സർവീസുകൾ തുടങ്ങാൻ അനുകൂലമായ അവസരം ലഭ്യമായതായി നായിഡു ന്യൂഡൽഹിയിൽ പറഞ്ഞു.

ഇപ്പോഴത്തെ വ്യോമയാന സംവിധാനവുമായി കടൽ വിമാന സർവീസുകളെ ബന്ധിപ്പിക്കുന്നതു വഴി രാജ്യത്തെ വിദൂരവും ദുർഘടവുമായ പ്രദേശങ്ങളെപ്പോലും യാത്രാശൃംഖലയിൽ ഉൾപ്പെടുത്താനാവും. ചരക്കുനീക്കത്തിനും യാത്രയ്ക്കും ഇത് ഒരേപോലെ പ്രയോജനപ്പെടും. ഇന്ത്യയുടെ വിപുലമായ സമുദ്രതീരങ്ങളും, പുഴകളും, കടൽവിമാനത്തിന്റെ സാമ്പത്തിക സാധ്യതകൾ വിപുലീകരിക്കുമെന്നും രാം മോഹൻ നായിഡു പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പരിപാടി മൻ കി ബാത്, മറ്റന്നാൾ രാവിലെ 11 ന് പ്രക്ഷേപണം ചെയ്യും. പരിപാടിയിലേക്ക് ആശയങ്ങളും അഭിപ്രായങ്ങളും നമോ ആപ്പ്, MyGov പ്ലാറ്റ് ഫോം, ടോൾ ഫ്രീ നമ്പർ എന്നിവയിലൂടെ ഇന്നു കൂടി അറിയിക്കാം.

✪✪✪

പ്രകൃതി ദുരന്തമുണ്ടായ വയനാട്ടിൽ ലോകോത്തരനിലവാരത്തിൽ പുനരധിവാസ പദ്ധതിയൊരുക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. വയനാട്ടിലെ ദുരന്തബാധിത പ്രദേശങ്ങളെ വീണ്ടെടുക്കാൻ വേഗത്തിൽ പദ്ധതി നടപ്പാക്കുമെന്നും അദ്ദേഹം കണ്ണൂർ പെരിങ്ങോത്ത് പറഞ്ഞു. പുനരധിവാസ പദ്ധതിയെക്കുറിച്ച് എല്ലാവരുമായും ചർച്ച നടത്തും. കേന്ദ്രം വയനാട് പുനരധിവാസപദ്ധതിക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തുതരുമെന്നാണ് പ്രതീക്ഷയെന്നും മുഖ്യമന്ത്രി അറിയിച്ചു.

✪✪✪

കണ്ണൂർ മാങ്ങാട്ടുപറമ്പിൽ കേരള ആംഡ് പൊലീസ് രണ്ട്, നാല് ബറ്റാലിയൻ സേനാംഗങ്ങളുടെ പാസിംഗ് ഔട്ട് പരേഡിൽ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ സല്യൂട്ട് സ്വീകരിയ്ക്കും. രണ്ടാം ബറ്റാലിയനിൽ നിന്ന് 152 പേരും, നാലാം ബറ്റാലിയനിൽ നിന്ന് 162 പേരും ഉൾപ്പെടെ 314 സേനാംഗങ്ങൾ പരേഡിൽ അണിനിരക്കും. ഒൻപതുമാസത്തെ അടിസ്ഥാനപരിശീലനം പൂർത്തിയാക്കിയാണ് ഇവർ കേരള പോലീസിന്റെ ഭാഗമാകുന്നത്.

സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ്, ADGP M.R അജിത് കുമാർ എന്നിവരടക്കം മുതിർന്ന ഉദ്യോഗസ്ഥർ പരിപാടിയിൽ പങ്കെടുക്കും.

✪✪✪

കണ്ണൂർ ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായിയിൽ, 285 കോടി രൂപ ചിലവിൽ സ്ഥാപിക്കുന്ന പിണറായി എജുക്കേഷൻ ഹബിന്റെ നിർമ്മാണം മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ മന്ത്രി ഡോ. R ബിന്ദു അധ്യക്ഷയായിരിക്കും. മന്ത്രി P.A മുഹമ്മദ് റിയാസ് മുഖ്യാതിഥിയാകും.

പോളിടെക്നിക് കോളേജ്, IHRD കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, ITI, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സിവിൽ സർവ്വീസ്

അക്കാഡമി എന്നിവ ഈ വിദ്യാഭ്യാസ സമുച്ചയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

✪✪✪

തദ്ദേശ സ്ഥാപനങ്ങൾ ഈടാക്കുന്ന വസ്തുനികുതിക്കും വാടകക്കുടിശ്ശികയ്ക്കും കൂട്ടുപലിശ ഈടാക്കുന്നത് അവസാനിപ്പിക്കുമെന്ന് മന്ത്രി MB രാജേഷ് പറഞ്ഞു. ഇനി എല്ലായിടത്തും ക്രമപലിശ മാത്രമേ ഈടാക്കൂ എന്ന് മന്ത്രി ആലപ്പുഴയിലെ തദ്ദേശ അദാലത്തിനു ശേഷം അറിയിച്ചു. പലിശ, മുതലിൽ ചേർത്ത് വീണ്ടും പലിശ കണക്കാക്കുന്ന വർഷങ്ങൾ പഴകിയ തെറ്റായ രീതിയാണ് ഇതോടെ പൂർണമായി അവസാനിപ്പിക്കുന്നതെന്ന് മന്ത്രി വിശദീകരിച്ചു.

അഞ്ച് സെന്റിൽ താഴെ ഭൂമിയിൽ കെട്ടിട നിർമ്മാണ പെർമിറ്റിന് അപേക്ഷിക്കുമ്പോൾ സർവീസ് റോഡിലേയ്ക്ക് പ്രവേശനാനുമതിയില്ലെന്ന കാരണം കൊണ്ട് അത് നിഷേധിക്കരുതെന്ന് മന്ത്രി നിർദേശിച്ചു.

✪✪✪

സംസ്ഥാനത്തെ സ്കൂളുകളിലെ 'ലിറ്റിൽ കൈറ്റ്സ്' അംഗങ്ങളുടെ രണ്ട് ദിവസത്തെ സംസ്ഥാനതല ക്യാമ്പ് ഇന്ന് കൊച്ചി ഇടപ്പള്ളിയിൽ ആരംഭിക്കും. മന്ത്രി V ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. ജില്ലാ ക്യാമ്പുകളിൽ നിന്ന് തെരഞ്ഞെടുത്ത 130 കുട്ടികളാണ് യൂണിസെഫിന്റെ പങ്കാളിത്തത്തോടെ സംഘടിപ്പക്കുന്ന സംസ്ഥാന തല ക്യാമ്പിൽ പങ്കെടുക്കുന്നത്. കൈറ്റ് തയ്യാറാക്കിയ 'കൈറ്റ് GNU ലിനക്സ് 22.04' എന്ന പുതിയ ഓപ്പറേറ്റിംഗ് സിസ്റ്റം സ്വീറ്റിന്റെ പ്രകാശനവും മന്ത്രി നിർവ്വഹിക്കും.

✪✪✪

നൂതനസാങ്കേതിക വിദ്യയിൽ സംസ്ഥാനത്തെ, ആഗോള ഡെസ്റ്റിനേഷനാക്കി മാറ്റാൻ KSIDC സംഘടിപ്പിക്കുന്ന റോബോട്ടിക്സ് റൗണ്ട്ടേബിൾ ഏകദിനസമ്മേളനം കൊച്ചിയിൽ മന്ത്രി P രാജീവ് ഇന്ന് ഉദ്ഘാടനം ചെയ്യും. റോബോട്ടിക്സ് സാങ്കേതികമേഖലയിൽ കേരളത്തിൽ നിന്ന് പ്രതീക്ഷിക്കുന്ന സംഭാവനകളെക്കുറിച്ച് വിദഗ്ധർ റൗണ്ട് ടേബിൾ സമ്മേളനത്തിൽ സംസാരിക്കും.

✪✪✪

ലോസന്നെ ഡയമണ്ട് ലീഗ് മത്സരത്തിൽ പുരുഷന്മാരുടെ ജാവലിൻ ത്രോയിൽ ഇന്ത്യയുടെ നീരജ് ചോപ്ര രണ്ടാം സ്ഥാനത്തെത്തി. സ്വിറ്റ്സർലൻഡിലെ ലോസാനിൽ ഇന്നലെ രാത്രിയായിരുന്നു മത്സരം.

ഗ്രെൻഡിയൻ താരം പീറ്റേഴ്സ് ആൻഡേഴ്സനാണ് ഒന്നാം സ്ഥാനം. അടുത്തമാസം ബ്രസൽസ് ഡയമണ്ട് ലീഗ് ഫൈനലിൽ നീരജ് ചോപ്ര മത്സരിക്കും.

✪✪✪

ഡ്യൂറാൻഡ് കപ്പ് അവസാന ക്വാർട്ടർ ഫൈനലിൽ കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് ബെംഗളൂർ FC യെ നേരിടും. കൊൽക്കത്തയിലെ സോൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ രാത്രി 7 മണിക്കാണ് മത്സരം.

വൈകീട്ട് നാലിന് ജംഷെഡ്പൂരിൽ മൂന്നാം ക്വാർട്ടർ ഫൈനലിൽ മോഹൻ ബഗാൻ സൂപ്പർ ജയൻറ്സ് , പഞ്ചാബ് FC യെ നേരിടും.

✪✪✪

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ അടുത്ത മൂന്ന് ദിവസം മഴ തുടർന്നേക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. നാളെ കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

ഇന്ന് കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

ജസ്റ്റിസ് ഹേമകമ്മിറ്റി റിപ്പോർട്ടിൽ സിനിമാ മേഖലയിലെ ലൈംഗീകാതിക്രമം ഉൾപ്പെടെ ക്രിമിനൽ കുറ്റങ്ങൾ പരാമർശിച്ച സാഹചര്യത്തിൽ ഗവൺമെന്റ് സ്വമേധയാ കേസെടുക്കണമെന്ന് BJP ദേശീയ നിർവാഹകസമിതിയംഗം P.K കൃഷ്ണദാസ് ആവശ്യപ്പെട്ടു. റിപ്പോർട്ടിൽ സ്വമേധയാ കേസെടുക്കാൻ അധികാരമുണ്ടായിട്ടും കേസെടുക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ് എന്നും അദ്ദേഹം കോഴിക്കോട്ട് ആരോപിച്ചു.

വയനാട് പുനരധിവാസം യുദ്ധകാലാടിസ്ഥാനത്തിൽ നടത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. മന്ത്രിതല ഉപസമിതിയിലെ ഒരു മന്ത്രിയും IAS ഉദ്യോഗസ്ഥനും പുനരധിവാസപ്രവർത്തനങ്ങൾ പൂർത്തിയാകുന്നതുവരെ സ്ഥലത്ത് പുനരധിവാസത്തിന് നേതൃത്വം നൽകണം. കോഴിക്കോട് വിലങ്ങാട്ടെ പുനരധിവാസത്തിനും ഉടൻ നടപടി സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു. BJP മെമ്പർഷിപ്പ് ക്യാംപയിന്റെ ഭാഗമായി കോഴിക്കോട്ടെ ജില്ലാതല ശില്പശാല മാരാർജി ഭവനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു കൃഷ്ണദാസ്.

✪✪✪

നെയ്ത്ത് മേഖലയിലെ വനിതാ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ഗവൺമെന്റിന് റിപ്പോർട്ട് നൽകുമെന്ന് വനിത കമ്മീഷൻ അംഗം P.കുഞ്ഞായിഷ കണ്ണൂരിൽ പറഞ്ഞു. കൈത്തറി മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ നേരിട്ട് മനസിലാക്കാൻ കണ്ണൂർ ചിറക്കലിൽ സംഘടിപ്പിച്ച തെളിവെടുപ്പിൽ പങ്കെടുക്കുകയായിരുന്നു അവർ.

✪✪✪

തിരുവനന്തപുരം കഴക്കൂട്ടത്ത് നിന്ന് കാണാതായ പെൺകുട്ടിയെ വിശാഖപട്ടണത്തെത്തി പൊലീസ് ഇന്ന് ഏറ്റെടുക്കും. RPF സംരക്ഷണത്തിലാണ് നിലവിൽ പെൺകുട്ടി. അമ്മയുമായി വഴക്കിട്ടതിനെ തുടർന്ന് പെൺകുട്ടി വീട് വിട്ടിറങ്ങുകയായിരുന്നു.

✪✪✪

കണ്ണൂർ ജില്ലയിലെ പാചകവാതക സിലിണ്ടർ ലോറി ഡ്രൈവർമാരുടെ സമരം ഒത്തുതീർക്കാൻ രാവിലെ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചർച്ച നടത്തും. ഒരാഴ്ച പിന്നിട്ട സമരം ജില്ലയിൽ പാചകവാതക ക്ഷാമത്തിന് കാരണമായിട്ടുണ്ട്.

✪✪✪

കഴിഞ്ഞ ജൂലൈ മുതൽ 2027 മാർച്ച് വരെ വൈദ്യുതി നിരക്ക് പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ സെപ്റ്റംബർ മൂന്ന്, നാല് തീയതികളിൽ കോഴിക്കോട്ട് തെളിവെടുപ്പ് നടത്തും. പൊതുജനങ്ങൾക്ക് തെളിവെടുപ്പിൽ നേരിട്ടെത്തി അഭിപ്രായം പങ്കുവയ്ക്കാം. കമ്മീഷൻ ചെയർമാൻ T.K ജോസിന്റെ നേതൃത്വത്തിലാണ് ഹിയറിംഗ്.

✪✪✪